(എ) മലപ്പുറം ജില്ലയിൽ എക്സ്പ്ലോസീവ് ലൈസൻസില്ലാതെ വെടിമരുന്ന് ഉപയോഗിച്ച് പാറപൊട്ടിക്കുന്നത് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഇതു നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കുന്ന ഇത്തരം നടപടി നിർത്തലാക്കാൻ ജില്ലാ പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഉണ്ട്. ഇതു സംബന്ധിച്ച് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിനായി കൊണ്ടോട്ടി സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) ബാധകമല്ല.

മാധ്യമപ്രവർത്തകർക്കുനേരെയുള്ള ആക്രമണം

117. (117) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമപ്രവർത്തകർക്ക് നേരെ ആക്രമണങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെയായി എത്ര ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. എന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര മാധ്യമപ്രവർത്തകർക്ക് പരിക്കുപറ്റി; എത്രപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) മാധ്യമപ്രവർത്തകർക്ക് നേരെയുണ്ടായ ആക്രമണങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; അന്വേഷണം പൂർത്തിയായിട്ടുള്ളത് എത്രയാണെന്ന് പറയാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 62 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(സി) പരിക്ക് പറ്റിയ മാധ്യമപ്രവർത്തകർ-86 അതിൽ 73 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

(ഡി) രജിസ്റ്റർ ചെയ്ത കേസ് - 61

അന്വേഷണം പൂർത്തിയാക്കിയവ - 54

മാധ്യമപ്രവർത്തകർക്ക് നേരെയുള്ള ആക്രമണം

118. [119] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്തെ മാധ്യമ പ്രവർത്തകർക്കെതിരെ എത്ര ആക്രമണ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഏതെല്ലാം മാധ്യമ പ്രവർത്തകർക്കാണ് ആക്രമണത്തിന്റെ ഫലമായി പരിക്കേറ്റിട്ടുള്ളത്; ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഏതെല്ലാം കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഡി). കരിപ്പൂർ വിമാനത്താവളത്തിൽവെച്ച് മാധ്യമ പ്രവർത്തകർക്ക് നേരെ നടന്ന ആക്രമണം സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 62 സംഭവങ്ങളുണ്ടായിട്ടുണ്ട്.

(ബി) കേരള, മലയാള, കാഹളം, മക്നബ് എന്നീ സായാഹ്ന പത്രങ്ങളുടെയും, ഇന്ത്യൻ എക്സ്പ്രസ്സ്, മാതൃഭൂമി, മലയാളം, രാഷ്ട്രദീപിക, ജന്മഭൂമി, മാധ്യമം ചന്ദ്രിക, കേരളകൗമുദി, സിറാജ്, മംഗളം, ദേശാഭിമാനി എന്നീ ദിനപത്രങ്ങളുടെയും, സൂര്യാ ടി. വി. ഏഷ്യാനെറ്റ്, കൈരളി ടി. വി., അമൃതാ ടി. വി., ജീവൻ ടി. വി., ഇന്ത്യാവിഷൻ, എൻ. റ്റി. വി. സി. എൻ. എൻ., എ. സി. വി., എന്നിവയിലെ റിപ്പോർട്ടർമാർക്കും, ഫോട്ടോഗ്രാഫർമാർക്കും, ക്യാമറാമാൻമാർക്കും, അസിസ്റ്റന്റ് ക്യാമറാമാൻമാർക്കും, ലേഖകൻമാർക്കും, അസിസ്റ്റന്റ് മാർക്കും പരിക്കുപറ്റിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് 61 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ 61 കേസുകളിൽ 54 കേസുകൾക്ക് കുറ്റപത്രം ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly